'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ
ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്

നം.68/2026/ധന

തിരുവനന്തപുരം,തീയതി 10-11-2026

സർക്കുലർ

വിഷയം :- ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട ഓഡിറ്റ് ചാർജ്/ഫീസ് കുടിശ്ശിക - സമയബന്ധിതമായി അടയ്ക്കുന്നതിനും നിയമാനുസൃതമായി ഈടാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1) നോട്ടിഫിക്കേഷൻ നം. 11671/Leg. A2/1993/Law തീയതി:11/05/1994
2) സ.ഉ(അ)നം.180/96/ധന തീയതി 09/02/1996
3) സ.ഉ(അ)നം. 51/2004/ധന തീയതി 22/01/2004
4) സ.ഉ(അ)നം.52/2004/ധന തീയതി 22/01/2004
5) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 15/12/2025, 06/02/2026, 26/02/2026 തീയതികളിലെ ഡി.കെ.എസ്.എ 2416/ആർ 2/2025 നമ്പർ കത്തുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമായ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് ചാർജ്/ഫീസ് ഇനത്തിൽ ഗണ്യമായ തുക കുടിശ്ശികയായി ലഭിക്കാനുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31/03/2025-ലെ Demand, Collection and Balance Statement പ്രകാരം ആകെ കുടിശ്ശിക ₹138,42,97,166/- ആണ്. പ്രസ്തുത തുക 31/03/2025-ലെ കണക്കുപ്രകാരമുള്ളതായതിനാൽ, തുടർന്നുള്ള കാലയളവിലെ കളക്ഷനും ക്രമീകരണങ്ങളും കൂടി പരിഗണിച്ച് നിലവിലെ കുടിശ്ശികയുടെ സ്ഥിതി പുതുക്കി നിർണ്ണയിക്കേണ്ടതുണ്ട്.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1994-ലെ ബന്ധപ്പെട്ട വ്യവസ്ഥകൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, 1996, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം ഓഡിറ്റ് ചാർജ്/ഫീസ് ഈടാക്കുന്നതിനും, നിയമാനുസൃതമായ സാഹചര്യങ്ങളിൽ ഗ്രാന്റിൽ നിന്നോ സ്ഥാപനങ്ങൾക്ക് നൽകാനുള്ള മറ്റ് തുകകളിൽ നിന്നോ കുടിശ്ശിക ക്രമീകരിച്ച് ഈടാക്കുന്നതിനും വ്യവസ്ഥകളുണ്ട്. കുടിശ്ശിക സമയബന്ധിതമായി ഈടാക്കുന്നതിനും ഭാവിയിൽ കുടിശ്ശിക ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും ഫലപ്രദമായ നിരീക്ഷണവും ഏകോപിതമായ നടപടികളും ആവശ്യമായ സാഹചര്യത്തിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. ഓഡിറ്റ് ചാർജ്/ഫീസ് യഥാസമയം അടയ്ക്കൽ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമായ എല്ലാ സ്ഥാപനങ്ങളും അവയ്ക്ക് ബാധകമായ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം ഓഡിറ്റ് ചാർജ്/ഫീസ് നിശ്ചിത സമയപരിധിക്കകം അടയ്ക്കേണ്ടതാണ്. നിലവിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങൾ പ്രസ്തുത കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

2. വാർഷിക Demand, Collection and Balance Statement

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓരോ സാമ്പത്തിക വർഷവും മാർച്ച് 31-ലെ Demand, Collection and Balance (DCB) Statement തയ്യാറാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും അവയുടെ ഭരണവകുപ്പുകൾക്കും ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഭരണവകുപ്പ് കുടിശ്ശികയുടെ സ്ഥിതി പരിശോധിക്കുകയും, കുടിശ്ശിക അടയ്ക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഉറപ്പാക്കുകയും വേണം.

3. കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള സമയപരിധി

മാർച്ച് 31-ലെ DCB Statement പ്രകാരം കുടിശ്ശികയായി കാണുന്ന ഓഡിറ്റ് ചാർജ്/ഫീസ്, പ്രസ്തുത സ്റ്റേറ്റ്മെന്റ് ലഭിച്ച തീയതി മുതൽ പരമാവധി മൂന്ന് മാസത്തിനകം അടയ്ക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട സ്ഥാപനം സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട ഭരണവകുപ്പ് കുടിശ്ശികയുള്ള സ്ഥാപനങ്ങൾ നിശ്ചിത സമയപരിധിക്കകം തുക അടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. ഗ്രാന്റിൽ നിന്നോ നൽകാനുള്ള മറ്റ് തുകകളിൽ നിന്നോ കുടിശ്ശിക ക്രമീകരിക്കൽ

നിശ്ചിത സമയപരിധിക്കകം കുടിശ്ശിക അടയ്ക്കാത്ത സാഹചര്യത്തിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1994-ലെ സെക്ഷൻ 19(3), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, 1996-ലെ ചട്ടം 24(3), ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം അനുവദനീയമായ സാഹചര്യങ്ങളിൽ, ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകാനുള്ള ഗ്രാന്റിൽ നിന്നോ മറ്റ് തുകകളിൽ നിന്നോ കുടിശ്ശിക ക്രമീകരിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് ചാർജ്/ഫീസ് കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ, സ.ഉ.(പി)നം.51/2004/ധന തീയതി 22/01/2004-ലെ വ്യവസ്ഥകൾ പ്രകാരം, ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പ്ലാൻ ഗ്രാന്റിന്റെ പ്രതിമാസ ഗഡുക്കളിൽ നിന്നും കുടിശ്ശിക ക്രമീകരിച്ച് ഈടാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കേണ്ടതാണ്.

6. മറ്റ് Local Authorities/Grant-in-aid Institutions-ന്റെ കാര്യത്തിൽ

മറ്റ് Local Authorities/Grant-in-aid Institutions-ൽ ഓഡിറ്റ് ചാർജ്/ഫീസ് കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ, സ.ഉ.(പി)നം. 52/2004/ധന തീയതി 22/01/2004-ലെ വ്യവസ്ഥകൾക്കും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി, ബന്ധപ്പെട്ട ഗ്രാന്റിൽ നിന്നോ നിയമാനുസൃതമായി ക്രമീകരിക്കാവുന്ന മറ്റ് തുകകളിൽ നിന്നോ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

7. സ്ഥാപന മേധാവിയുടെ ഉത്തരവാദിത്തം

ഓഡിറ്റ് ചാർജ്/ഫീസ് യഥാസമയം അടയ്ക്കുന്നതിനും കുടിശ്ശിക ഒഴിവാക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ മേധാവി നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ അത് തീർപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട ഭരണവകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

8. ഗ്രാന്റിൽ നിന്നുള്ള ക്രമീകരണം സാധ്യമല്ലാത്ത സാഹചര്യത്തിൽ

ഗ്രാന്റിൽ നിന്നോ ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകാനുള്ള മറ്റ് തുകകളിൽ നിന്നോ കുടിശ്ശിക ക്രമീകരിച്ച് ഈടാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, ബാധകമായ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം അനുവദനീയമായ മറ്റ് നിയമാനുസൃത വീണ്ടെടുപ്പ് നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പ്/സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

9. കുടിശ്ശികയുടെ നിരീക്ഷണം

ബന്ധപ്പെട്ട ഭരണവകുപ്പുകൾ തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഓഡിറ്റ് ചാർജ്/ഫീസ് കുടിശ്ശിക കുറഞ്ഞത് വർഷത്തിൽ ഒരിക്കലെങ്കിലും അവലോകനം ചെയ്യുകയും, കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി പരിശോധിക്കുകയും വേണം. കുടിശ്ശിക തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

10. സെപ്റ്റംബർ മാസത്തെ റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, 1996-ലെ ചട്ടം 25 പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ സമർപ്പിക്കേണ്ട റിപ്പോർട്ടിനു പുറമേ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഓഡിറ്റ് ചാർജ്/ഫീസ് കുടിശ്ശിക സംബന്ധിച്ച പുതുക്കിയ സ്ഥിതിവിവര റിപ്പോർട്ട് ഓരോ വർഷവും സെപ്റ്റംബർ മാസത്തിൽ ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത റിപ്പോർട്ടിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്:

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ആകെ ഡിമാൻഡ്	ആകെ കളക്ഷൻ	ശേഷിക്കുന്ന ബാലൻസ്	കുടിശ്ശികയായ കാലയളവ്	ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി	നിലവിലുള്ള തടസ്സങ്ങൾ	തുടർ നടപടി

റിപ്പോർട്ടിലെ വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമായ രേഖകളുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

11. വാർഷിക അവലോകന യോഗം

ഓഡിറ്റ് ചാർജ്/ഫീസ് കുടിശ്ശികയുടെ സ്ഥിതി, ഈടാക്കിയ തുക, ശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക ഈടാക്കുന്നതിലെ തടസ്സങ്ങൾ, സ്വീകരിച്ച നടപടികൾ, തുടർനടപടികൾ എന്നിവ അവലോകനം ചെയ്യുന്നതിനായി എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട ഭരണവകുപ്പുകളുടെ സെക്രട്ടറിമാരുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രതിനിധികളുടെയും യോഗം ചേരുന്നതാണ്.

12. പുതുക്കിയ DCB Statement

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, മുൻ സാമ്പത്തിക വർഷാവസാനത്തെ DCB Statement-നുശേഷം ലഭിച്ചിട്ടുള്ള കളക്ഷനുകളും നടത്തിയിട്ടുള്ള ക്രമീകരണങ്ങളും ഉൾപ്പെടുത്തി ഓരോ സ്ഥാപനത്തിന്റെയും നിലവിലെ Demand, Collection and Balance സ്ഥിതി പുതുക്കി സൂക്ഷിക്കേണ്ടതാണ്. പുതുക്കിയ വിവരങ്ങൾ ബന്ധപ്പെട്ട ഭരണവകുപ്പുകൾക്കും ധനകാര്യ വകുപ്പിനും ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്.

13. നിർദ്ദേശങ്ങൾ പാലിക്കൽ

മുകളിൽ നിർദ്ദേശിച്ച നടപടിനിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഭരണ വകുപ്പുകളും സ്ഥാപനങ്ങളും നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായി സമയബന്ധിതമായി പാലിക്കുന്നു എന്നുറപ്പ് വരുത്തേണ്ടതാണ്.

ബിന്ദു. സി. എം.
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഭരണവകുപ്പുകൾക്കും/വകുപ്പ് മേധാവികൾക്കും/ സ്ഥാപന മേധാവികൾക്കും
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി, ഫയൽ നം. എസ്റ്റാ.ഡി 1/10/2026/ധന (ഇ-3397077)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.